"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഡ്രൈയിംഗ് യാർഡ്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.358/2025/SCSTD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 25/4/2025 -ലെ SCDD/1179/2025-C1 (EDN C) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ സുരക്ഷിതത്വത്തിനായി സ്കൂൾ കോമ്പൗണ്ടിനു ചുറ്റും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും മഴക്കാലങ്ങളിൽ വിദ്യാർത്ഥികളുടെ വസ്ത്രങ്ങൾ അലക്കി ഉണക്കുന്നതിനായി ഡ്രൈയിംഗ് യാർഡ് നിർമ്മിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ 24,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകണമെന്നും നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-277-82 (P) എന്ന ശീർഷകത്തിൽ നിന്നും ടി തുക ചെലവഴിച്ച് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശപ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ചുറ്റുമതിൽ, ഡ്രൈയിംഗ് യാർഡ് എന്നീ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-277-82 (P) എന്ന ശീർഷകത്തിൽ നിന്നും 24,00,000/- (ഇരുപത്തിനാലു ലക്ഷം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 02-06-2025 10:01:45
സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.